# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.542 | 29.10.2019-ൽ മറുപടിയ്ക്ക്

## പ്രവാസി ചിട്ടി

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് നടത്തി വരുന്ന പ്രവാസി ചിട്ടിയിൽ എത്ര പ്രവാസി മലയാളികൾ എന്നുമുതൽ ചേർന്നിട്ടുണ്ടെന്നും ആയതിൽ എത്ര കോടി രൂപ കെ.എസ്.എഫ്.ഇ.ക്ക് ലഭിച്ചിട്ടുണ്ടെന്നും വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് നടത്തി വരുന്ന പ്രവാസി ചിട്ടിയിൽ 25.10.2018 മുതൽ ഇതുവരെ 11278 പേർ ചേർന്നിട്ടുണ്ട്. ആയതിൽ നിന്നും 81.24 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) | ചിട്ടി വരുമാനത്തിൽ നിന്നും കിഫ്ബിക്ക് ഇതിനോടകം എത്ര കോടി രൂപ സഹായം നൽകിയെന്ന് അറിയിക്കുമോ; | (ബി) | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, പ്രവാസി ചിട്ടിയിൽ ഇടപാടുകാർ അടയ്ക്കുന്ന തുക ഒരു സവിശേഷ സംവിധാനം വഴി കിഫ്ബി ബോണ്ടുകളായി മാറ്റുകയാണ് ചെയ്യുന്നത്. 24/10/2019 ലെ കണക്കുകൾ പ്രകാരം പ്രവാസി ചിട്ടിയിലൂടെ ലഭിച്ച തുകയിൽ 61.318 കോടി കിഫ്ബി ബോണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (സി) | ഗൾഫ് രാജ്യങ്ങൾ കൂടാതെ മറ്റ് ഏതെല്ലാം വിദേശ രാജ്യങ്ങളിലാണ് പ്രവാസി ചിട്ടി ആരംഭിച്ചിട്ടുള്ളതെന്ന് വിശദാംശം നൽകുമോ; | (സി) | 2019 സെപ്റ്റംബർ 26 മുതൽ യു. എൻ ഉപരോധത്തിലുള്ള രാജ്യങ്ങൾ ഒഴികെ മറ്റെല്ലാ രാജ്യങ്ങളിലും പ്രവാസി ചിട്ടി ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രവാസി ചിട്ടി സംബന്ധമായ പരസ്യങ്ങൾക്കും മറ്റുമായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഡി) | പ്രവാസി ചിട്ടി സംബന്ധമായ പരസ്യങ്ങൾക്ക് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ നിന്നും 4.27 കോടി രൂപയും പ്രവാസി ചിട്ടിയുടെ പ്രചരണവുമായി ബന്ധപ്പെട്ട് യാത്ര, താമസം, പരസ്യം തുടങ്ങി എല്ലാ പ്രവർത്തികൾക്കും കിഫ്ബിയിൽ നിന്നും നാളിതുവരെ 12.01 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ